بسم الله الرحمن الرحيم
نحمده ونصلي على رسوله الكريم

# അൽഹഖ്

പു:1, ല:3 1372 തബ്‌ലീഗ് 1993 ഫെബ്രുവരി 14:3 ശഅബാൻ-റമസാൻ. വാർത്താപത്രിക

# കളവിന്നെതിരെ ജിഹാദിനൊരുങ്ങുക.

–ഹസ്രത്ത് അമീറുൽ മുഅ്മിനീൻ–

**‘എന്റെ ഈ ശബ്ദം കേൾക്കുന്ന പുരുഷന്മാരും സ്ത്രീകളും കുട്ടികളും ഇന്നു മുതൽ അസത്യത്തിന്നെതിരിൽ ജിഹാദ് പ്രഖ്യാപിച്ചുകൊണ്ട് പുറത്തിറങ്ങുക’ ഒരു റമസാനിലെ ജുമുഅ ഖുതുബയിൽ ഹുസൂർ ആഹ്വാനം ചെയ്തു.**

കള്ളം പറച്ചിൽ അതിനീചമായ ഒരു ദുശ്ശീലമാണ്. അതു എല്ലാ കുററങ്ങളുടെയും മൂലകാരണമാണ്. കളവു പറയുന്നവന്റെ ദുആകൾ സ്വീകരിക്കപ്പെടുകയില്ല. കളവു പറയുന്നയാൾ അയാളോടു തന്നെയും കളവേ പറയുകയുള്ളൂ. യാൾ തന്നോടു തന്നെയാണ് കളവു പറയുന്നതെന്ന ആ സാധു അറിയുന്നില്ല. ഖുർആൻ കരീം മറ്റെല്ലാ കുററങ്ങളെക്കാളും ശപിക്കപ്പെട്ട കുററമായി കാണുന്നതു കളവിനെയാണ്. ഖുർആന്റെ വീക്ഷണത്തിൽ അതൊരു തരം ശിർക്കാണ്.

അസത്യം ഭീരുവാണ്. അതിൽ അന്ധകാരം മാത്രമേയുള്ളൂ. അവശേഷിക്കപ്പെടുന്ന ഒരു സൽഗുണവുമതിലില്ല. അതു സ്വയം നശിക്കുകയും സമൂഹത്തെ നശിപ്പിക്കുകയും ചെയ്യുന്നു.

ഒരു സാഹചര്യത്തിലും നിങ്ങൾ അസത്യത്തിന്നധീനപ്പെട്ടു പോകരുത്. ചിലരെപ്പററി നിങ്ങൾ പറയും അയാൾ തമാശയ്ക്കു കളവു പറയുന്നതാണെന്ന്. അങ്ങനെ തമാശക്കു കളവു പറയുന്നവനേയും നിങ്ങൾ ചെറുക്കുകയും വെറുക്കുകയും ചെയ്യേണ്ടതാണ്. ഇത് അലർജിയുടെ യുഗമാണെന്നു തോന്നുന്നു. എന്തിനും ഏതിനും എവിടെയും അലർജിയാണ്. ഇതൊരു രോഗപ്പെട്ട രോഗമാണ്. ഏതൊരാളും നിങ്ങൾ ഏതെങ്കിലും ഒരു അലർജിക്ക് വിധേയനായിത്തീരുകയാണെങ്കിൽ അത് അസത്യത്തിന്നെതിരിലുള്ള അലർജിയായിരിക്കട്ടെ. അസത്യമെന്നു കേൾക്കുമ്പോൾ തന്നെ നിങ്ങളുടെ ശരീരാംഗങ്ങൾ ഞെരിപിരി കൊള്ളണം. ഒരു പന്നിമാംസമെന്നപോലെ. [ബാക്കി 2-ൽ]

## ഒററക്കെട്ടായി മുന്നേറുക-അമീർ




പഴയങ്ങാടി: ഹസ്രത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് IV തിരുമനസ്സ് അഭിലഷിക്കുന്ന വിധത്തിലുള്ള പുരോഗതി കൈവരിക്കുന്നതിന് ഒററക്കെട്ടായി മുന്നേറാൻ സംസ്ഥാന അമീർ എ.പി. കുഞ്ഞമ്മു സാഹിബ് കേരള അഹ്മദികളെ ഉദ്ബോധിപ്പിച്ചു.

ജനുവരി 31ന് ഇവിടെ ചേർന്ന മജ്‌ലിസ് ആമിലയിലും മജ്‌ലിസ് ശൂറയിലും അംഗങ്ങളെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഹുസൂർ(അയ്യദഹുല്ലാഹ്) വലിയ ഒരു ഉത്തരവാദിത്തമാണ് കേ[illegible] അമീറായി നിയമിച്ചുകൊണ്ട് തന്നിൽ അർപ്പിച്ചിരിക്കുന്നതെന്നും അത് ശരിയായി നിർവഹിക്കുന്നതിന് എല്ലാ അംഗങ്ങളുടെയും അകമഴിഞ്ഞ പിന്തുണയും സഹകരണവും ഉണ്ടായിരിക്കണമെന്നും തനിക്കു വേണ്ടി പ്രാർഥിക്കണമെന്നും അദ്ദേഹം അഭ്യർഥിച്ചു. തന്റെ മുൻഗാമികളായ സിദ്ദീഖ് അലീഫലി സാഹിബിന്റെയും ഡോ. മൻസൂർ അഹ്മദ് സാഹിബിന്റെയും സേവനങ്ങളെ അദ്ദേഹം അനുസ്മരിച്ചു. എല്ലാ അഹ്മദി സഹോദരങ്ങൾക്കു വേണ്ടിയും താൻ പ്രാർഥിക്കാറുണ്ടെന്നും അദ്ദേഹം അറിയിച്ചു.

## ഫെബ്രുവരി 20 മുസ്‌ലിഹ് മൗഊദ് ദിനം

മുസ്‌ലിഹ് മൗഊദ് – പരിവർത്തനകാരി – ആയ ഒരു സുലക്ഷണ പുത്രൻ തനിക്കുണ്ടാവുമെന്ന് 1886 ഫെബ്രുവരി 20ന് വാഗ്ദത്ത മസീഹ് (അ) വിളംബരപ്പെടുത്തിയ പ്രവചനം 1889ൽ ഭൂജാതനായ ഖലീഫത്തുൽ മസീഹ് II (റ) - ഹ. മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്-ൽ പ്രത്യക്ഷരം പുലർന്നു. വാഗ്ദത്ത മസീഹ് (അ) പ്രവചിച്ച മുസ്‌ലിഹ് മൗഊദ് താനാണെന്ന് 1944 ഫെബ്രുവരി 20ന്, ദിവ്യദർശനമനുസരിച്ച് ഒരു മഹായോഗത്തിൽ അദ്ദേഹം പ്രഖ്യാപനം ചെയ്തു. ആ പ്രവചന പൂർത്തിയുടെ അനുസ്മരണാർഥം ഫെബ്രുവരി 20 മുസ്‌ലിഹ് മൗഊദ് ദിനമായി അഹ്മദികൾ ആചരിച്ചു വരുന്നു.



1372 തബ്‌ലീഗ്, ഫെബ്രുവരി 1993

# റമസാൻ വ്രതം

റമസാൻ-വ്രതമാസം - മനുഷ്യരായിത്തീരുവാനുള്ള നമ്മുടെ പരിശ്രമങ്ങളിൽ മനുഷ്യരായ നമ്മെ വളരെയധികം സഹായിക്കുന്നു. റമസാനിലെ പരീക്ഷണങ്ങൾക്ക് നാം വിധേയരായിക്കൊണ്ടിരിക്കവെ കെട്ട ഇലകൾ കൊഴിഞ്ഞു വീഴുന്നതു പോലെ പല ദുശ്ശീലങ്ങളും നമ്മെ വിട്ടു പിരിയുന്നു. ഈ വിശുദ്ധ മാസം തിന്മകളിൽ നിന്നും ദുർഗുണങ്ങളിൽ നിന്നും സ്വയം രക്ഷപ്പെടുവാനും സമൂഹത്തെ തിരുത്തുവാനും പറ്റിയ സന്ദർഭവും സാഹചര്യവും നമുക്കുണ്ടാക്കിത്തരുന്നു. ആകയാൽ ഈ വ്രതമാസത്തെ നാം മുറപ്രകാരം അനുഷ്ഠിച്ചുകൊള്ളേണ്ടതും ആചരിച്ചുകൊള്ളേണ്ടതുമാണ്.

. . . . . . . . . . . . . . . .

നോമ്പനുഷ്ഠിക്കാൻ കഴിയുന്നവർ ഒഴിവുകഴിവും പറയാതെ നോമ്പനുഷ്ഠിക്കേണ്ടതാണ്. അവർക്ക് അതിലാണ് നന്മ. ചിലർ അല്പസ്വല്പ കാര്യങ്ങളെ മുൻനിർത്തി നോമ്പനുഷ്ഠിക്കാതിരിക്കുന്നു. ഇത്തരക്കാർക്ക് ശരീരത്തിനല്ല ആത്മാവിനാണ് രോഗം പിടിപെട്ടിരിക്കുന്നത്. ഒന്നു ശ്രമിച്ചാൽ അല്പമൊരാലസ്യം പിടിപെട്ടുപോയാൽ ഇവർ നോമ്പ് വിട്ടുകളയുന്നു. ഏറ്റവും നിർബന്ധിതമായ അവസ്ഥയിൽ മാത്രമേ നോമ്പ് വിടുവാനുള്ള അനുവാദം ഇസ്‌ലാം തരുന്നുള്ളൂ.

ഹ. ഖലീഫത്തുൽ മസീഹ് IV

# കളവിനെതിരെ.......

ഹസ്രത്ത് ഖലീഫത്തുൽ മസീഹ് രണ്ടാമന് അസത്യത്തോട് രൂക്ഷമായ അലർജിയുണ്ടായിരുന്നു. കള്ളം പറയുന്നതു അദ്ദേഹം സഹിക്കയില്ല. ആരെങ്കിലും കളവു പറഞ്ഞുവെന്നു മനസ്സിലായാൽ അദ്ദേഹം പൊട്ടിത്തെറിക്കും. ഉഗ്രമായി പ്രതികരിക്കും. ദിവ്യവചനപ്രകാരം അദ്ദേഹം സഹനശീലനും കൃപാലുവുമാണ്. പിന്നെന്താണിങ്ങനെ എന്നു ചിലർ ചോദിക്കാറുണ്ട്. അദ്ദേഹം പ്രവചനത്തിന്റെ സാക്ഷാത്കാരം തന്നെ, സംശയമില്ല. പക്ഷെ അസത്യത്തിന്നെതിരിൽ അദ്ദേഹത്തിന് അലർജി ബാധിച്ചുപോയി. കളവു പറഞ്ഞയാളിനെതിരിലെ പൊട്ടിത്തെറിക്കു ശേഷം അദ്ദേഹം ശാന്തനാവുകയും തന്റെ രോഷത്തിന്നിരയായ വ്യക്തിയോടു പൂർവാധികം അലിവോടും ഉദാരമായും പെരുമാറുകയും ചെയ്യുന്നതു കാണാം. നിങ്ങളും ഇതു പോലുള്ള അലർജി സമ്പാദിക്കുമെങ്കിൽ നിങ്ങളുടെ പരിസരം അസത്യത്തിൽ നിന്ന് ഏറെക്കുറെ സംശുദ്ധമായിത്തീരുന്നതാണ്.

# സ്വഭവനങ്ങൾ ശുദ്ധീകരിക്കുക

അസത്യത്തിന്നെതിരിലുള്ള ശുദ്ധീകരണ പ്രക്രിയ നിങ്ങളുടെ ഭവനങ്ങളിൽ നിന്നാരംഭിക്കാം. ഓരോ വീട്ടുടമസ്ഥനുമറിയാം അയാളുടെ വീട്ടിൽ കള്ളം വളർത്തപ്പെടുന്നുവെന്ന്. ഭാര്യയും ഭർത്താവും പരസ്പരം കളവു പറയുന്നു. ഉമ്മാക്ക് മക്കളെയും മക്കൾക്ക് ഉമ്മായെയും പരസ്പരം കളവു പറയുന്നവരാണെന്നു നന്നായറിയാം. അതുകൊണ്ട് നിങ്ങളുടെ ഭവനങ്ങളെ ശുദ്ധീകരണത്തിന്റെ ഒരു യൂണിറ്റാക്കുക. എന്റെ ഈ ശബ്ദം കേൾക്കുന്ന പുരുഷനും സ്ത്രീയും കുട്ടികളും ഇന്നുമുതൽ അസത്യത്തിന്നെതിരിൽ ജിഹാദ് പ്രഖ്യാപിച്ചുകൊണ്ട് പുറത്തിറങ്ങുക. ഈ ജിഹാദിൽ കുട്ടികൾ നമുക്ക് വളരെ ഉപകരിക്കുന്നതാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ നമ്മുടെ കുട്ടികളിൽ ഒരു വലിയ വിഭാഗം എന്റെ ഖുത്ബകൾ ശ്രവിക്കുകയും അവ മുതിർന്നവരോടു പറയുകയും അതനുസരിച്ച് പ്രവർത്തിക്കുവാൻ മുതിർന്നവരെ പ്രേരിപ്പിക്കുകയും ചെയ്യുന്നുണ്ടെന്നു എനിക്കറിയാൻ സാധിച്ചിരിക്കുന്നു.

# കുട്ടികൾ ശപഥം ചെയ്യട്ടെ!

കുട്ടികൾ ശുദ്ധപ്രകൃതക്കാരും അല്ലാഹുവോടു തന്നിമിത്തം അടുത്തവരുമാണ്. അവരുടെ വാക്കുകൾ ഫലം ചെയ്യുന്നതാണ്. അതിനാൽ ഞാൻ നമ്മുടെ കുഞ്ഞുങ്ങളെ അഭിസംബോധന ചെയ്യട്ടെ: എന്റെ ഈ ശബ്ദം കേൾക്കുന്ന കുട്ടികൾ നേരിട്ടായാലും കാസറ്റിലൂടെ കേട്ടാലും, തങ്ങൾ ഒരിക്കലും കളവുപറയുകയില്ലെന്നും ഉമ്മ ബാപ്പമാരേയും ജ്യേഷ്ഠാനുജത്തിമാരേയും സഹോദരീ സഹോദരൻമാരേയും കളവു പറയാൻ അനുവദിക്കുകയില്ലെന്നും ഇന്നേ ദിവസം എന്നോടു ശപഥം ചെയ്യട്ടെ. കുട്ടികൾ മുതിർന്നവരെ ഉപദേശിക്കാൻ തുടങ്ങിയാൽ മുതിർന്നവർ ലജ്ജിക്കാതിരിക്കില്ല...

[3.7.87ലെ ഖുത്ബയിൽ നിന്ന്]

വിവ: ഹാജി V.K. മൻസൂർ സാഹിബ്

# ബോസ്നിയക്കാരെ സഹായിക്കുക

വിശപ്പുകൊണ്ടും, പീഡനങ്ങൾ കൊണ്ടും ദുരിതമനുഭവിക്കുന്ന ബോസ്നിയൻ മുസ്‌ലിംകൾക്ക് ഉദാരമായ സാമ്പത്തിക സഹായം നല്കാൻ ഹസ്രത്ത് അമീറുൽ മുഅ്മിനീൻ അഹ്മദികളോട് ആവശ്യപ്പെട്ടിരിക്കുന്നു. 'ബോസ്നിയ ഫണ്ടി'ലേക്കുള്ള സംഭാവനകൾ മാൽ സെക്രട്ടറിമാരെ എത്രയും വേഗം ഏൽപിക്കുക.

# ഖാദിയാനിൽ അന്താരാഷ്ട്ര അഹ്മദിയ്യാ സർവകലാശാല

ഖാദിയാൻ: ദാറുൽ അമാനിൽ ഒരു ശതാബ്ദത്തോളം കാലമായി ഇസ്ലാമിക മിഷനറിമാരുടെയും മുഅല്ലിമീങ്ങളുടെയും പഠനപരിശീലനക്കളരിയായി പരിലസിച്ചുകൊണ്ടിരിക്കുന്ന 'മദ്രസ അഹ്മദിയ്യ' അടുത്ത അധ്യയന വർഷം മുതൽ അന്താരാഷ്ട്ര അഹ്മദിയ്യാ സർവകലാശാലയായി വികസിപ്പിക്കപ്പെടുകയാണ്. ഹസ്രത്ത് അമീറുൽ മുഅ്മിനീൻെറ ചരിത്രപ്രധാനമായ ഖാദിയാൻ സന്ദർശനമാണ് ഹ. മസീഹ് മൗഊദ് (അ) നാൽ സ്ഥാപിതമായ ഈ വിദ്യാഭ്യാസ സ്ഥാപനത്തിൻെറ വികസനത്തിനു വഴിയൊരുക്കിയത്. 1906ൽ തഅ്ലീമുൽ ഇസ്ലാം ഹൈസ്കൂളിന്റെ ഭാഗമായാണ് വാഗ്ദത്ത മസീഹ് മദ്രസ ആരംഭിച്ചത്. 1908ൽ 'മദ്രസ അഹ്മദിയ്യ' എന്ന പ്രത്യേക പാഠശാലയാക്കി. പ്രമുഖരായ സഹാബിവര്യൻമാർ അവിടെ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഖലീഫത്തുൽ മസീഹ് III അടക്കം പല മഹാന്മാരും മദ്രസയിലെ പഠിതാക്കളായിരുന്നിട്ടുണ്ട്. അഹ്മദിയ്യത്തിൻെറ വീരപോരാളികളായ അസംഖ്യ മിഷനറിമാർക്ക് ജന്മം നൽകിയ ഈ മദ്രസയിൽ അടുത്ത അധ്യയന വർഷം മുതൽ പുതിയ പാഠ്യപദ്ധതിയനുസരിച്ചാണ് അധ്യയനം നടക്കുക.

**ദാറുൽ അമാൻ വാർത്തകൾ — സ്വന്തം ലേഖകൻ**

## തറക്കല്ലിട്ടു.

ഖാദിയാനിൽ നിർമിക്കുന്ന പ്ലാസ്റ്റിക് ഫാക്ടറിയുടെ ശിലാസ്ഥാപനം നിർവഹിക്കപ്പെട്ടു. ഫാക്ടറിക്ക് അൽമിനാർ എന്ന് ഹുസൂർ നാമകരണം ചെയ്തിട്ടുണ്ട്.

## അംഗീകരിച്ചു

അഖിലേന്ത്യാ ഖുദ്ദാമുൽ അഹ്മദിയ്യാ സദർ മുഹമ്മദ് ആരിഫ് സാഹിബ് രൂപം നൽകിയ പ്രവർത്തക സമിതിക്ക് ഹുസൂർ അംഗീകാരം നൽകി. കേരള സെക്ഷൻ ഇൻചാർജായി മൗലവി അലിക്കുഞ്ഞു സാഹിബ് നിയമിതനായിട്ടുണ്ട്.

## സത്യദൂതൻ, മിനാരത്ത് പ്രചാരണം ശക്തമാക്കുക

സത്യദൂതൻ, മിനാറത്ത് മാസികകളുടെ പ്രചാരണം ശക്തിപ്പെടുത്തണമെന്ന് പബ്ലിക്കേഷൻ സെക്രട്ടറി പ്രൊഫ. മഹ്മൂദഹ്മദ് സാഹിബ് ജമാഅത്തംഗങ്ങളോട് അപേക്ഷിച്ചു. ഫെബ്രുവരി 28 വരെ സത്യദൂതൻ മാസമായി ആചരിക്കുമെന്ന് അദ്ദേഹം പറഞ്ഞു. ഈ കാലയളവിൽ കൂടുതൽ വരിക്കാരെ ചേർക്കുന്ന ജമാഅത്തുകൾക്കും വ്യക്തികൾക്കും സമ്മാനം നൽകുമെന്നും അദ്ദേഹം അറിയിച്ചു. സത്യദൂതൻ പത്രാധിപർ N. അബ്ദുർറഹ്മാൻ സാഹിബും മിനാറത്ത് എഡിറ്റർ M ആലിക്കോയ സാഹിബും പ്രസംഗിച്ചു. സത്യദൂതൻ റൈറ്റേഴ്സ് ഫോറവും സാഹിത്യ ശിൽപശാലയും സംഘടിപ്പിക്കുമെന്ന് പബ്ലിക്കേഷൻ സെക്രട്ടറി പറഞ്ഞു.

## കേരളത്തിലേക്ക്

വഖ്ഫെ ജദീദ് ഇൻസ്പെക്ടറായി സയ്യിദ് സബാഹുദ്ദീൻ സാഹിബും ഖുദ്ദാമുൽ അഹ്മദിയ്യാ ഓഡിറ്ററായി മുഹമ്മദ് ലത്തീഫ് സാഹിബും കേരളത്തിലെ ജമാഅത്തുകൾ സന്ദർശിക്കുന്നതാണെന്ന് അറിയിപ്പു ലഭിച്ചു.

## കേരള ജമാഅത്ത് മുൻപന്തിയിൽ

### ചീഫ് മിഷനറി

പഴയങ്ങാടി: വ്യവസ്ഥാപിതമായി പ്രവർത്തിക്കുന്ന കാര്യത്തിൽ ഇന്ത്യയിലെ ജമാഅത്തുകളെ അപേക്ഷിച്ച് കേരള ജമാഅത്ത് മുൻപന്തിയിലാണെന്നും അത് ഹുസൂറിൻെറ പ്രത്യേക ശ്രദ്ധയ്ക്ക് വിഷയീഭവിച്ചിട്ടുണ്ടെന്നും കേരള ചീഫ് മിഷനറി മൗലാനാ മുഹമ്മദ് ഉമർ സാഹിബ് ഇവിടെ നടന്ന മജ്ലിസ് ശൂറയിൽ പ്രസ്താവിച്ചു. ഹുസൂറിൻെറ നിർദ്ദേശപ്രകാരം ഉലമാക്കൾക്കുള്ള കത്ത് ആദ്യമയച്ചത് കേരള ജമാഅത്താണെന്നും ഹുസൂർ നിർദേശിച്ചതനുസരിച്ച് രണ്ടാമത്തെ കത്തും ഉടനെ അയക്കുമെന്നും അദ്ദേഹം അറിയിച്ചു. അമീർ AP കുഞ്ഞാമു സാഹിബ് യോഗത്തിൽ അധ്യക്ഷത വഹിച്ചു.

## യുവാക്കൾ പ്രതികരിക്കണം

പഴയങ്ങാടി: യുവാക്കൾ ശക്തമായ നിലപാടു സ്വീകരിക്കുകയാണെങ്കിൽ ഇതര സമുദായങ്ങളിലെ വിവാഹച്ചടങ്ങുകളിലും മറ്റും കാണുന്ന അനിസ്ലാമികവും കുറ്റകരവുമായ അനാചാരങ്ങൾ അഹ്മദികളെ സ്വാധീനിക്കാതെ സംരക്ഷിക്കാനാവുമെന്ന് അമീർ സാഹിബ് അഭിപ്രായപ്പെട്ടു. താൻ കോഴിക്കോട്ട് ഖായിദായിരുന്ന കാലത്തെ അനുഭവങ്ങൾ വിവരിച്ചുകൊണ്ട് മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യക്ക് ഇക്കാര്യത്തിൽ മുഖ്യ പങ്കു വഹിക്കാനാവുമെന്ന് അദ്ദേഹം പറഞ്ഞു. സ്ത്രീധനം, മോതിരം കൈമാറൽ, മുഹൂർത്തം നോക്കൽ, അറയൊരുക്കൽ, പാൽ കുടിപ്പിക്കൽ, സിനിമാരീതിയിലുള്ള വീഡിയോ കാസറ്റ് റിക്കാർഡിംഗ് തുടങ്ങിയ അനാചാരങ്ങളിൽ ചില ദുർബലരായ അഹ്മദികളും ആകൃഷ്ടരാകുന്നതായി ചില ശൂറാ മെമ്പർമാർ ഖേദപൂർവം ചൂണ്ടിക്കാണിച്ചപ്പോൾ പ്രതികരിക്കുകയായിരുന്നു അമീർ സാഹിബ്. സീനിയർ മുബല്ലിഗ് മൗലവി മുഹമ്മദ് അബുൽവഫാ സാഹിബും ദുരാചാരങ്ങൾക്കെതിരെ വിരൽ ചൂണ്ടി. തുടർച്ചയായ ബോധവൽക്കരണത്തിലൂടെ ദുരാചാരങ്ങൾക്കെതിരെ പടപൊരുതണമെന്ന് തർബിയത്ത് സെക്രട്ടറി അബ്ദുർറഹ്മാൻ സാഹിബ് കാക്കനാട് ശാഖാ സംഘടനാ ഭാരവാഹികളോട് അഭ്യർഥിച്ചു.

**AL HAQ** NEWS BULLETIN

# പ്രശംസപിടിച്ചുപററിയ വഖാറെ അമൽ

പാലക്കാട്: 7.2.93ന് ജില്ലാ ആശുപത്രിയിൽ സംഘടിപ്പിച്ച മേഖലാ വഖാറെ അമൽ- ശ്രമദാനം- പരിപാടി കാണികൾക്ക് അന്യാദൃശമായ ആത്മാർഥതയുടെ കാഴ്ചയായി.

### ശുചീകരണം നടത്തി

പാലക്കാട്: മജ്‌ലിസ് ഖുദ്ദാമുൽ അഹമ്മദിയ (അഹമദിയ്യാ യുത്ത്‌വിംഗ്) മേഖലാ കമ്മിറ്റി ജില്ലാ ആശുപത്രിയിൽ ശുചീകരണം നടത്തി. ആശുപത്രി സുപ്രണ്ട് എം. ഗോപാലകൃഷ്ണയ്യർ ഉദ്ഘാടനം ചെയ്തു. അറുപതോളം യുവാക്കൾ പങ്കെടുത്ത ശ്രമദാനത്തിനു പി. പി. അസ്സൻകോയ, എം. എ. മുഹമ്മദ്, എച്ച്. സുലൈമാൻ, ടി. രാത്രു തുടങ്ങിയവർ നേതൃത്വം നൽകി.

മലയാളമനോരമ P. 14-2-1993

ആസ്പത്രികോമ്പൗണ്ടിൽ പടർന്നു പിടിച്ചു കിടന്നിരുന്ന വള്ളിച്ചെടികളും കാടുപിടിച്ചു നിന്നിരുന്ന കുറ്റിച്ചെടികളും വെട്ടിത്തെളിക്കുകയും, വർഷങ്ങളായി പാഴ് വസ്തുക്കളും, ചപ്പുചവറുകളും, കുപ്പിച്ചീളുകളും മററു മാലിന്യങ്ങളും അടിഞ്ഞുകൂടി മലിനജലം കെട്ടിക്കിടന്ന് ദുർഗന്ധം വമിച്ചിരുന്ന അഴുക്കുചാലുകൾ യാതൊരറപ്പും കൂടാതെ തോണ്ടിവൃത്തിയാക്കുകയും മാലിന്യങ്ങൾ കുട്ടകളിലും കൈവണ്ടിയിലും നിറച്ച് ദൂരത്തെത്തിക്കുകയും ചെയ്ത വൃദ്ധരും, യുവാക്കളും കുട്ടികളുമടങ്ങിയ അഹ്മദിയ്യാ പ്രവർത്തകരുടെ ആത്മാർഥതയും ആവേശവും ആസ്പത്രി അധികൃതരെ അദ്ഭുതപ്പെടുത്തി. ഇത്ര ആത്മാർഥത നിറഞ്ഞ ഒരു ശ്രമദാനം ഇന്നോളം ഇവിടെ കണ്ടിട്ടില്ലെന്നു പറഞ്ഞ അവർ അഹ്മദികളുടെ ആത്മാർഥതയെ വാഴ്ത്തി.

രാവിലെ ഒമ്പതരക്ക് ആസ്പത്രി സൂപ്രണ്ട് ഡോ. M. ഗോപാലകൃഷ്ണയ്യർ ഉദ്ഘാടനം ചെയ്ത പരിപാടി ഉച്ചക്ക് ഒരു മണിവരെ നീണ്ടു നിന്നു. പാലക്കാട്, കുറിയക്കണ്ണി, കാവശ്ശേരി, മണ്ണാർക്കാട്, ആലനല്ലൂർ, കോയമ്പത്തൂർ ജമാഅത്തുകളിലെ അറുപതോളം അംഗങ്ങൾക്കു പുറമെ സ്റ്റേറ്റ് ഖാഇദ് PP ഹസ്സൻ കോയ സാഹിബ്, വഖാറെഅമൽ സെക്രട്ടറി VT ശരീഫ് സാഹിബ്, മൗലവി TM മുഹമ്മദ് സാഹിബ്, മൗലവി മുഹമ്മദ് അയ്യൂബ് സാഹിബ്, പത്തിരിയാൽ ജമാഅത്തിലെ C.P. അബ്ദുറഹ്മാൻ തുടങ്ങിയവരും പങ്കെടുത്തു. പാലക്കാട് ജമാഅത്ത് പ്രസിഡൻറ് MA മുഹമ്മദ് സാഹിബ്, സെക്രട്ടറി SK മുഹമ്മദ് സാഹിബ് KM മുഹമ്മദ് സാഹിബ്, BB മുഹമ്മദ് സാഹിബ് കുറിയക്കണ്ണി പ്രസിഡൻറ് T. രാജു സാഹിബ് മുഹമ്മദ് ഇവാൻ സാഹിബ്, KM യൂസഫ് സാഹിബ്, അബ്ദുറഹ്മാൻ കുട്ടി സാഹിബ് എന്നീ അൻസാറുകൾ പങ്കെടുത്തു.



## പ്രകാശനം ചെയ്തു

അൽഹഖിൻെറ പ്രഥമ ലക്കം മൗലവി TM മുഹമ്മദ് സാഹിബിനു നൽകിക്കൊണ്ട് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ നാഇബ് ഖാഇദ് പി. പി മുഹമ്മദ് സലീം സാഹിബ്, കൊടുങ്ങല്ലൂർ 4-12-92ന് പത്തനാപുരത്തു വച്ച് പ്രകാശനം ചെയ്യുന്നു.

## മേഖലാതബ്‌ലീഗ്

ജനു:17ന മലപ്പുറം ജില്ലയിലെ മേലാറ്റൂരിലും 31ന പാലക്കാട്ടും ഫെബ്രു 14ന പുതുനഗരത്തും പാലക്കാട് മേഖലാ ആസ്ഥാനത്തിൽ പുസ്തക തബ്‌ലീഗ് നടത്തി. മേഖലാ സെക്രട്ടറി H. സുലൈമാൻ, മൗലവി T.M. മുഹമ്മദ്, മുഅല്ലിം CH അബ്ദുറഹ്മാൻ, K. ഖമറുദ്ദീൻ എന്നിവരുടെ നേതൃത്വത്തിൽ ബാച്ചുകളായാണ് പരിപാടിസംഘടിപ്പിച്ചത്. മേഖലയിലെ ആറ് ജമാഅത്തുകൾ പങ്കെടുത്തു മൂന്നിടത്തും കൂടി 800ൽ പരം രൂപയുടെ പുസ്തകങ്ങൾ വിൽപന നടത്തി.

## ദുആക്കപേക്ഷ

ചണ്ഡിഗഢിൽ മുബല്ലിഗായി നിയമിതനായ മലയാളിയായ മൗലവി മുഹമ്മദ് നജീബ് ഖാൻ (കാക്കനാട്) സാഹിബ്, അവിടെ മുഖ്‌ലിസായ ഒരു ജമാഅത്തു സ്ഥാപിതമാകാൻ ദുആ ചെയ്യണമെന്നപേക്ഷിക്കുന്നു. വിജയബാങ്കിലെ അബ്ദുൽ ലത്തീഫ് സാഹിബിൻെറ വസതിയിൽ താൽക്കാലികമായി ജുമുഅ നടത്തുന്നുണ്ട്. ഉദ്യോഗാർഥം അങ്ങിങ്ങായി വന്നുചേർന്ന ചില അഹ്മദികൾ മാത്രമേ ഇപ്പോൾ ചണ്ഡിഗഢിൽ ഉള്ളൂവത്രെ.

### രചനകൾ അയക്കുക

മാത്ര: മാത്ര മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ പുറത്തിറക്കുന്ന അൽ മസീഹ് കൈയെഴുത്തു മാസികയിലേക്ക് സാഹിത്യരചനകൾ ക്ഷണിച്ചു. എഡിററർ, മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ, മാത്ര, പുനലൂർ, കൊല്ലം എന്ന അഡ്രസ്സിൽ അയക്കുക

### അൽ ബലം

ഖാദിയാൻ: മദ്രസ അഹ്മദിയ്യയിലെ ചില മലയാളി വിദ്യാർഥികൾ ചേർന്ന് അൽബലം എന്ന പേരിൽ ഒരു മാസിക ആരംഭിച്ചു. ഇസ്ലാമിന്റെ ഏററവും പുതിയ പുസ്തകങ്ങളുടെ സംക്ഷിപ്തം ഇതിൽ വായിക്കാം. വില 3രൂപ. വാർഷിക വരിസംഖ്യ 25 രൂപയാണ്.

BY: MAJLIS KHUDDAMUL AHMADIYYA, KAVASSERY
678 543. PALGHAT DT., EDITOR: H.S.KAVASSERY.